(ഇ) ഇതിൽ വീഴ്ച വരുത്തിയവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു ;

(എഫ്) പ്രസ്തുത യോഗത്തിനെത്തിയ ഒരു വിഭാഗം പ്രതിനിധികൾ പഞ്ചായത്ത് അസോസിയേഷൻ ഹാളിനു മുമ്പിൽ ധർണ്ണ നടത്തുകയുണ്ടായോ ;

(ജി) എങ്കിൽ അത് എന്തിനാണെന്ന് വിശദീകരിക്കാമോ ;

(എച്ച്) ധർണ്ണ നടത്തിയവർ ഉന്നയിച്ച ആവശ്യം അംഗീകരിക്കാൻ എന്തു നടപടി കൈക്കൊണ്ടു ?

ഉത്തരം

(എ) ഗവൺമെന്റോ, പഞ്ചായത്തു വകുപ്പോ വിളിച്ചു ചേർത്ത യോഗം ഒന്നും നടന്നിട്ടില്ല. പഞ്ചായത്ത് അസോസിയേഷൻ ഒരു യോഗം വിളിച്ചു ചേർത്തതായി അറിയുന്നു.

(ബി-എച്ച്) പ്രസ്തുത യോഗം സംബന്ധിച്ച വിവരങ്ങൾ സർക്കാരിലോ പഞ്ചായത്തു വകുപ്പിലോ ലഭ്യമല്ല.

ജനകീയാസൂത്രണ പദ്ധതികളിലെ അഴിമതികളെപ്പറ്റി അന്വേഷിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്

76 (1330) ശ്രീ. പി. ജെ. ജോയി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതികളിലെ അഴിമതികളെപ്പറ്റി അന്വേഷിക്കുവാൻ യു.ഡി.എഫ്. നിയോഗിച്ച എം. എം. ഹസ്സൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചുവോ ;

(ബി) എങ്കിൽ എന്നാണ് ഈ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചത് ;

(സി) പ്രസ്തുത റിപ്പോർട്ടിൻ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചു.

(ബി) 12-6-2000-ൽ.

(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

ജനകീയാസൂത്രണ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക

77 (1331) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണം വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് എത്ര ഗഡു തുക കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ കൊടുക്കുവാൻ ബാക്കിയുള്ള തുക എത്ര ;

(സി) ഇത് എന്നത്തേക്ക് കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത ഗഡുക്കളുടെ സംഖ്യ പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ ;

(ഇ) പഞ്ചായത്തുകളിൽ നിന്ന് നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനു നൽകി വന്നിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ടു ഗഡു തുക നൽകിയിട്ടുണ്ട്.

(ബി) രണ്ടു ഗഡു തുക കൂടി കൊടുക്കുവാനുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾ നടപ്പുവർഷത്തെ പ്രാരംഭ ബാക്കിയും ഒന്നും രണ്ടും ഗഡുക്കൾ ഉൾപ്പെടെയുള്ളതുകയുടെ 30%-മോ അതിലധികമോ ചെലവഴിച്ചു എന്നുള്ള സർട്ടിഫിക്കറ്റു സഹിതം അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകുന്ന മുറയ്ക്ക് മൂന്നാം ഗഡുവും ഫാറം നമ്പർ 12-ൽ പ്രാരംഭ ബാക്കിയും ഒന്നും രണ്ടും മൂന്നും ഗഡുക്കൾ ഉൾപ്പെടെയുള്ള തുകയുടെ 60%-ൽ അധികം ചെലവഴിച്ചതായുള്ള സർട്ടിഫിക്കറ്റു സഹിതം ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അപേക്ഷ നൽകുന്ന മുറയ്ക്ക് അടുത്ത ഗഡുവും അനുവദിക്കുന്നതാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ഇപ്രകാരം അനുവദിക്കുന്ന തുക അവർക്കായി 2000-01 ബഡ്ജറ്റ് അനുബന്ധം 4-ൽ ചേർത്തിട്ടുള്ളതിന് അനുസരണമായി 4 തുല്യ ഗഡുക്കളായിട്ടാണ് വിതരണം ചെയ്യുന്നത്. ഇനി മൂന്നും നാലും ഗഡുക്കളാണ് വിതരണം ചെയ്യാനുള്ളത്.

(ഇ) ജി.ഒ (എം.എസ്) 20/99/പ്ലാനിംഗ് 5-4-1999 പ്രകാരം നിർദ്ധന വിഭാഗത്തിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് നൽകിവരുന്ന സബ്സിഡി തുക പരമാവധി 2000 രൂപയാണ്.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതി തുക അനുവദിക്കാൻ നടപടി

78 (1333) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന കാരണത്താൽ ചില ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1999-2000 വർഷത്തെ നാലാം ഗഡു പദ്ധതി തുക അനുവദിച്ചിട്ടില്ലെന്ന കാര്യം സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly